*Kerala Catholic Bishops' Council's*


# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshvj@gmail.com

207th Issue - Volume 5, No.41 **ജാഗ്രത** 21st October 2011

"ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല."

(യോഹന്നാൻ–3: 17)


pope John Paul II

## പ്രധാന വാർത്തകൾ

മാർ ആലഞ്ചേരി മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി

---

വിശ്വാസപാരമ്പര്യത്തിൽ ക്രിസ്തുസാക്ഷികളാകണം: മാർ ജോർജ് ആലഞ്ചേരി

---

പ്രകൃതിക്കിണങ്ങിയ ജീവിതശൈലി സമൂഹത്തിന് അനിവാര്യം: മാർ ജോസഫ് പണ്ടാരശേരി

---

സഭയ്ക്കും വൈദികർക്കും നവീകരണം അനിവാര്യം: മാർ ജോസഫ് കല്ലറങ്ങാട്ട്

---

നിയമം കൈപ്പിടിയിൽ ഒതുക്കുന്നത് അനുവദനീയമോ? ഫാ.ജോസി പൊന്നമ്പൽ M.S.F.S.

---

സഭയെ പൊതുരംഗത്തുനിന്നു മാറ്റിനിർത്താൻ ബാഹ്യശക്തികളുടെ ശ്രമം: മാർ ജോസഫ് പവ്വത്തിൽ

---

ചരിത്ര ജാഗ്രത

പാറെമ്മാക്കൽ തോമക്കത്തനാർ

ജാഗ്രതാ വാർത്ത

മാനസികരോഗങ്ങൾ കൂടുതൽ കേരളത്തിൽ

വാരാന്ത്യവീക്ഷണം

അക്രമം സമൂഹത്തിന്റെ ക്രമമായി മാറുന്നോ ?

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel


**Commission Secretary**
Fr. Josey Ponnambal MSFS

## മാർ ആലഞ്ചേരി മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി



കർദിനാൾ മാർ വർക്കി വിതയത്തിലിന്റെ പൈതൃകത്തിൽ സീറോ മലബാർ സഭയെ പണിതുയർത്താൻ പരിശ്രമിക്കണമെന്നു ബനഡിക്ട് പതിനാറാമൻ മാർപാപ്പ ആഹ്വാനം ചെയ്തു. മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരിയുടെ നേതൃത്വത്തിലുള്ള സീറോ മലബാർ സഭയിലെ മെത്രാൻസംഘവുമായി നടത്തിയ കൂടിക്കാഴ്ചയിലാണു മാർപാപ്പ ഇക്കാര്യം ഓർമിപ്പിച്ചത്. മേജർ ആർച്ച് ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടശേഷം ആദ്യമായാണു മാർ ജോർജ് ആലഞ്ചേരി മാർപാപ്പയെ സന്ദർശിച്ചത്. സീറോ മലബാർ സഭ സമൂഹത്തിന്റെ മുഴുവൻ ആദരവിന് അർഹമായതിനു പിന്നിലുള്ള വിദ്യാഭ്യാസ, ആതുര മേഖലകളിലെ സേവനങ്ങളിൽ മാർപാപ്പ സംതൃപ്തി അറിയിച്ചു.ഭാരതത്തിലെയും കേരളത്തിലെയും നല്ല മനസുള്ള എല്ലാവരുമായും, പ്രത്യേകിച്ചു മറ്റു മതസ്ഥരുമായി ഒന്നുചേർന്നു സമൂഹത്തിൽ സമാധാനവും സഹവർത്തിത്വവും സൃഷ്ടിക്കണം. വർഗീയമോ ജാതീയമോ ആയ ചേരിതിരിവുകൾ ഒഴിവാക്കണം. ഇന്ത്യയുടെ മഹാനായ അപ്പോസ്തലൻ മാർ തോമാ ശ്ലീഹായുടെയും വിശുദ്ധ അൽഫോൻസായുടെയും വാഴ്ത്തപ്പെട്ട കുര്യാക്കോസച്ചന്റെയും മറ്റു സഭാ പിതാക്കന്മാരുടെയും വിശ്വാസം അഭംഗുരം പാലിക്കണം. നിങ്ങളുടെ ആരാധനക്ര മപൈതൃകം സംരക്ഷിക്കുകവഴി വിശ്വാസത്തിൽ പിതാക്കൻമാരായവർ കൈമാറി നല്കിയതനുസരിച്ച് നിങ്ങളുടെ വിശ്വാസിസമൂഹം ദൈവവചനത്താലും കൂദാശകളാ ലും പരിപോഷിപ്പിക്കപ്പെടുന്നു. ലോകം മുഴുവനുമുള്ള സീറോ മലബാർ കത്തോലിക്കരുടെ അജപാലനത്തിലുള്ള മെത്രാന്മാരുടെ താത്പര്യത്തെ മാർപാപ്പ അഭിനന്ദിച്ചു. കേരളത്തിനു പുറത്തുള്ള സീറോ മലബാർ കത്തോലിക്കരുടെ അജപാലനത്തിനു മറ്റു റീത്തുകളിലെ മെത്രാന്മാരുമായി സഹകരിച്ചു പ്രവർത്തിക്കാനും മാർപാപ്പ ആഹ്വാനം ചെയ്തു.

## വിശ്വാസപാരമ്പര്യത്തിൽ ക്രിസ്തുസാക്ഷികളാകണം: മാർ ജോർജ് ആലഞ്ചേരി



സീറോ മലബാർ സഭാവിശ്വാസികൾ തങ്ങളുടെ വിശ്വാസപാരമ്പര്യത്തിൽ ലോകത്തിലെ വിടെയും ക്രിസ്തുവിന്റെ സാക്ഷികളാകണമെന്നു മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി റോമിലെ സീറോ മലബാർ കത്തോലിക്കരോട് ആഹ്വാനം ചെയ്തു. ഇറ്റലിയിൽ താമസിക്കുന്ന ഇരുനൂറ്റമ്പതോളം സീറോ മലബാർ കത്തോലിക്കരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. വത്തിക്കാൻ സന്ദർശിക്കുന്ന മേജർ ആർച്ച്ബിഷപ് റോമിലെ സെന്റ് പോൾ കോളജിൽ സഭയുടെ സ്ഥിരം സിനഡിലെ അംഗങ്ങൾക്കൊപ്പമാണു വിശ്വാസിസമൂഹവുമായി ആശയവിനിമയം നടത്തിയത്. റോമിലെ സഭാംഗങ്ങളുടെ വിവിധ ആത്മീയാവശ്യങ്ങളെക്കുറിച്ചു മേജർ ആർച്ച് ബിഷപ് വിശ്വാസികളുമായി സംസാരിച്ചു. മേജർ ആർച്ച് ബിഷപ്പിനു വത്തിക്കാനിലെ പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിൽ കർദിനാൾ ലെയോണാർദോ സാന്ദ്രിയുടെ നേതൃത്വത്തിൽ സ്വീകരണം നല്കി. മേജർ ആർച്ച്ബിഷപ്പും സ്ഥിരം സിനഡിലെ അംഗങ്ങളും വത്തിക്കാനിലെ നവസുവിശേഷവത്കരണത്തിനുള്ള കാര്യാലയത്തിൽ ആർച്ച്ബിഷപ് സാൽവത്തോറെ ഫിസിച്ചെല്ലയുമായും കൂടിക്കാഴ്ച നടത്തി. ആർച്ച്ബിഷപ്പുമാരായ മാർ ജോർജ് വലിയമറ്റം, മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോസഫ് പെരുന്തോട്ടം, മാർ മാത്യു മൂലക്കാട്ട്, എറണാകുളം-അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ തോമസ് ചക്യത്ത്, കൂരിയ മെത്രാൻ മാർ ബോസ്കോ പുത്തൂർ എന്നിവരും മേജർ ആർച്ച്ബിഷപ്പിനൊപ്പമുണ്ടായിരുന്നു

## പ്രകൃതിക്കിണങ്ങിയ ജീവിതശൈലി സമൂഹത്തിന് അനിവാര്യം: മാർ ജോസഫ് പണ്ടാരശേരിൽ



പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തു പ്രകൃതിക്കിണങ്ങിയ ജീവിതശൈലി സമൂഹത്തിന് അനിവാര്യമാണെന്നു കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ. മലബാർ സോഷ്യൽ

സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ കാരിത്താസ് ഇന്ത്യ സുവർണ ജൂബിലി ആഘോഷത്തിന്റെയും കർഷക സംഗമത്തിന്റെയും ഉദ്ഘാടനം പയ്യാവൂർ സെന്റ് ആൻസ് പാരിഷ്ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. കർഷക സംസ്കാരം എന്നാൽ ജൈവസംസ്കാരമാണെന്നും അമിത ലാഭത്തേക്കാളുപരി ജൈവസമ്പത്തിനു പ്രാധാന്യം നൽകണമെന്നും മാർ പണ്ടാരശേരിൽ പറഞ്ഞു. പഞ്ചായത്ത് പ്രസിഡന്റ് സി.പി.ജോസ് അധ്യക്ഷതവഹിച്ചു. കാരിത്താസ് ഇന്ത്യാ പ്രകൃതി സംരക്ഷണവിഭാഗം മേധാവി ഡോ. വി.ആർ. ഹരിദാസ് ആമുഖപ്രഭാഷണം നടത്തി. കാരിത്താസ് ഇന്ത്യയും മാസും സംയുക്തമായി നടപ്പാക്കുന്ന ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള കാർട്ടൂണിന്റെ പ്രകാശനം ഫാ. റെജി കൊച്ചുപറമ്പിൽ നിർവഹിച്ചു. കോട്ടയം അതിരൂപതാ ശതാബ്ദിയോടനുബന്ധിച്ച് മാസ് നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ക്ലെയിം വിതരണം മടമ്പം ഫൊറോനവികാരി ഫാ. ഫിലിപ്പ് ആനിമൂട്ടിൽ നിർവഹിച്ചു. കേരള സോഷ്യൽസർവീസ് ഫോറം പ്രൊജക്ട് മാനേജർ ഇ.ജെ. ജോസ്, മേഴ്സി ആശുപത്രി ഡയറക്ടർ ഫാ. ജോർജ് കപ്പുകാലായിൽ, പയ്യാവൂർ കൃഷി ഓഫീസർ ജോർജുകുട്ടി മാത്യു എന്നിവർ പ്രസംഗിച്ചു. ഫാ. ജോർജ് ഊന്നുകല്ലിൽ സ്വാഗതവും മാസ് പ്രോഗ്രാം മാനേജർ യു.പി. ഏബ്രഹാം നന്ദിയും പറഞ്ഞു. സോണിയ തോമസ്, റെജി തോമസ്, ആനിമേറ്റേഴ്സ് എന്നിവർ പരിപാടിക്കു നേതൃത്വം നൽകി. കണ്ണൂർ മേഖലയിൽ നിന്നുള്ള 250 ൽപരം അംഗങ്ങൾ പങ്കെടുത്തു.

## സഭയ്ക്കും വൈദികർക്കും നവീകരണം അനിവാര്യം: മാർ ജോസഫ് കല്ലറങ്ങാട്ട്



സഭയ്ക്കും വൈദികർക്കും നവീകരണം അനിവാര്യമാണെന്നു മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപത വൈദികരുടെ തുടർ പരിശീലന ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. ഈശോയുടെ അമ്മയായ മറിയത്തെപ്പോലെ വൈദികരും ഈശോയെ ജനിപ്പിക്കുന്നവരാണ്. കൂദാശകളുടെ പരികർമത്തിലൂടെയും വചനപ്രഘോഷണത്തിലൂടെയും സാക്ഷ്യജീവിതത്തിലൂടെയുമാണ് ഇതു സാധിക്കേണ്ടത്. ആധികാരികമായ പ്രബോധനം നൽകാൻ വൈദികർ നിരന്തരം സഭയുടെ പ്രബോധനങ്ങൾക്കു ചെവികൊടുക്കണം. യഥാർഥ ശിഷ്യത്വത്തിലൂടെ ദൈവത്തോടും മനുഷ്യരോടുമുള്ള അകൽച്ച കുറയുമെന്ന് മാർ കല്ലറങ്ങാട്ട് കൂട്ടിച്ചേർത്തു. 'മാനുഷിക പരിസ്ഥിതി' എന്ന വിഷയത്തിൽ ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി പ്രഫസർ റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിലും 'മാനവശേഷി വികസനം' എന്ന വിഷയത്തിൽ സിഎംഐ തൃശൂർ പ്രൊവിൻസ് പ്രൊവിൻഷ്യാൾ റവ. ഡോ. പോൾ ആച്ചാണ്ടി എന്നിവർ ക്ലാസെടുത്തു.

## സഭയെ പൊതുരംഗത്തുനിന്നു മാറ്റിനിർത്താൻ ബാഹ്യശക്തികളുടെ ശ്രമം: മാർ ജോസഫ് പവ്വത്തിൽ



സഭയെ പൊതുരംഗത്തുനിന്നു മാറ്റിനിർത്താൻ ബാഹ്യശക്തികൾ ശ്രമിക്കുന്നുവെന്ന കാര്യം മനസിലാക്കി അത്മായർ പ്രവർത്തിക്കണമെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. അതിരൂപതാ പിതൃവേദി- മാതൃജ്യോതിസ് നൂറുമേനി കർമപദ്ധതിയുടെ മൂന്നാംഘട്ട സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച്ബിഷപ്. കാലഘട്ടത്തിന്റെ പ്രശ്നങ്ങൾ മനസിലാക്കി ക്രൈസ്തവ കുടുംബങ്ങൾ സാമൂഹ്യനന്മയ്ക്കായി പ്രവർത്തിക്കണമെന്നും മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു.

## നിയമം കൈപ്പിടിയിൽ ഒതുക്കുന്നത് അനുവദനീയമോ?

ഫാ.ജോസി പൊന്നമ്പൽ M.S.F.S.

ഏതൊരു വ്യവസ്ഥിതിയുടെയും സമൂഹത്തിന്റെയും കെട്ടുറപ്പും നിലനില്പും നിർണ്ണയിക്കുന്നത് അതിൽ നിലനില്ക്കുന്ന നിയമസംവിധാനത്തിന്റെ ശക്തിയും ജനങ്ങൾക്ക് അതിലുള്ള വിശ്വാസത്തിന്റെയും അടിസ്ഥാനത്തിലാണ്. ജനങ്ങളും ആ വ്യവസ്ഥിതിയിലെ എല്ലാ സംവിധാനങ്ങളും നിയമത്തിൽ വിശ്വസിക്കുകയും അതിനനുസരണമായി പ്രവർത്തിക്കുകയും ചെയ്യുന്ന അവസ്ഥയാണ് നിയമവാഴ്ച എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

ഇന്ത്യയും ഇത്തരത്തിൽ നിയമവാഴ്ച നിലനില്ക്കുന്ന ഒരു രാജ്യമാണ്. എന്നാൽ നിയമവാഴ്ചയുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന സംഭവങ്ങൾ പത്ര മാധ്യമങ്ങളും ചാനലുകളും ഈയിടെയായി കൊട്ടിഘോഷിക്കുന്നതായി മനസ്സിലാക്കാൻ സാധിക്കുന്നു.

ബസ്സിൽ വച്ചു പോക്കറ്റടിച്ചു എന്ന സംശയത്തിൽ എം. പി. യുടെ ഗൺമാനായ പോലീസുകാരൻ ഉൾപ്പെടെയുള്ള ആൾക്കാർ സഹയാത്രികനെ മർദ്ദിച്ചു. മർദ്ദനത്തിന്റെ ഫലമായി അദ്ദേഹം മരിച്ചു. ഒരാൾ നിയമം ലംഘിച്ചാൽ അല്ലെങ്കിൽ അങ്ങനെയൊരു സംശയം തോന്നിയാൽ പൊതുജനം തന്നെ അയാളെ ശിക്ഷിക്കുന്നത് അതിലും വലിയ നിയമലംഘനമാണ്. നിയമം കൈയിലെടുക്കാനുള്ള സ്വാതന്ത്ര്യം നമ്മുടെ വ്യവസ്ഥിതി ഒരു പൗരനും നല്കിയിട്ടില്ല. നിയമം ലംഘിക്കുന്നവരെക്കുറിച്ച് അന്വേഷിക്കാനും ശിക്ഷിക്കാനുമാണ് പോലീസും കോടതിയും ഉൾപ്പെടെയുള്ള നിയമസംവിധാനങ്ങൾ ഉണ്ടായിരിക്കുന്നത് മേൽപ്പറഞ്ഞ ദൗർഭാഗ്യകരമായ സംഭവത്തിൽ നിരപരാധിയായ ഒരാളുടെ വിലപ്പെട്ട ജീവനാണ് ജനം നിയമം കൈയിലെടുത്തതു കാരണം പൊലിഞ്ഞു പോയത്.

ജനാധിപത്യ സംവിധാനത്തിന്റെ സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ട് അക്രമാസക്തമായ സമരങ്ങളും പൊതുമുതൽ നശിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളും സമരത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്യുന്നതും അതിന് നേതൃത്വം നല്കുന്നതുമൊക്കെ നിയമസംവിധാനത്തെ തകർക്കുന്ന സംഗതികളാണ്.

മറ്റൊരു ഗുരുതരമായ പ്രശ്നമാണ് നമ്മുടെ രാഷ്ട്രീയ നേതാക്കളുടെ ഉത്തരവാദിത്വരഹിതമായ പെരുമാറ്റം. നിയമനിർമ്മാണത്തിന്റെ പരമോന്നതവേദിയായ നിയമസഭപോലും വിലകുറഞ്ഞ താല്പര്യങ്ങളുടെ പോരാട്ടത്തിന് വേദിയാകുമ്പോൾ, ജനാധിപത്യം കനിഞ്ഞു നല്കുന്ന സുഖസൗകര്യങ്ങൾ ദുരുപയോഗിക്കുകയും സാധാരണക്കാരൻ നല്കുന്ന നികുതി പണം ദുർവ്യയം ചെയ്യുകയും ജനങ്ങളുടെ ചിലവിൽ ഗുണ്ടായിസം കളിക്കുകയുമാണ് ചെയ്യുന്നത്. ഇതിനെ വേലിതന്നെ വിളവുതിന്നുന്ന, ഉപ്പുതന്നെ ഉറകെട്ടുപോകുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ കൊണ്ടെത്തിക്കുന്നത്.

ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചാൽ അതിനെ ഏത് ചങ്ങലയ്ക്കിടും എന്നതാണ് നമ്മൾ അഭിമുഖീകരിക്കുന്ന പ്രശ്നം. സമൂഹത്തിന്റെ താഴെത്തട്ടിൽ നിന്നല്ല, മുകളിൽ നിന്നാണ് നിയമത്തോടുള്ള ആദരവും അനുസരണവും തുടങ്ങേണ്ടത്. അതുണ്ടായില്ലെങ്കിൽ അരാജകത്വവും നാശവും ആയിരിക്കും ഫലം.

## ജാഗ്രതാ വാർത്ത

### മാനസികരോഗങ്ങൾ കൂടുതൽ കേരളത്തിൽ

മാനസികരോഗം ബാധിച്ചവരുടെ നിരക്ക് ഏറ്റവും കൂടുതൽ കേരളത്തിൽ! മാനസികരോഗം ബാധിച്ചവർ ദേശീയതലത്തിൽ രണ്ടു ശതമാണെങ്കിൽ കേരളത്തിൽ 5.86 ശതമാനമാണ്.

കേരളത്തിൽ മൂന്നു മാനസികരോഗആശുപത്രികളിലും മൂന്നു സർക്കാർ മെഡിക്കൽ കോളേജുകളിലെ മാനസികരോഗ ചികിത്സാവിഭാഗങ്ങളിലുമായി 1,800 രോഗികൾക്ക് ചികിത്സാ സൗകര്യങ്ങളുമുണ്ട്. 143 സ്വകാര്യ ആശുപത്രികളിലും മാനസികാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

മലയാളികളിൽ 10 ശതമാനംപേർ ഏതെങ്കിലും തരത്തിലുള്ള മാനസിക പ്രശ്നങ്ങൾ ഉള്ളവരാണന്നാണു സംസ്ഥാന മനോരോഗ വിഭാഗത്തിന്റെ കണക്ക്. ഇതിൽ രണ്ടുശതമാനം പേർക്ക് മാനസിക സംഘർഷവും സമാനമായ പ്രശ്നങ്ങളും വഴി ഉണ്ടായിട്ടുള്ള മാനസിക രോഗങ്ങളാണ്.

മദ്യ ഉപഭോഗത്തിന്റെ ദേശീയ ശരാശരി 0.75 ലിറ്ററും കേരളത്തിലെ ശരാശരി 8.3 ലിറ്ററുമാണ്. കേരളത്തിൽ ഒരുലക്ഷം പേരിൽ 25.3 പേർ ആത്മഹത്യ ചെയ്യുന്നുണ്ട്. ഒരുലക്ഷത്തിന് 10.5 ആണ് ദേശീയ ശരാശരി. കേരളത്തിലെ ആത്മഹത്യകളിൽ 19 ശതമാനത്തിന്റെയും പിന്നിൽ മാനസിക പ്രശ്നങ്ങളാണ്.

വിവാഹമോചനത്തിലും കേരളം മുന്നിൽത്തന്നെ. ഇന്ത്യയിൽ വിവാഹമോചനം. 1.1 ശതമാനവും കേരളത്തിൽ 3.3 ശതമാനവുമാണ്. കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന കുറ്റകൃത്യങ്ങളിൽ 11.8 ശതമാനം. കുടുംബ ക്രൂരകൃത്യങ്ങളാണ്. ദേശീയതലത്തിൽ ഇത് 5.3 ശതമാനം മാത്രമാണ്.

## പാറെമ്മാക്കൽ തോമക്കത്തനാർ

മീനച്ചൽ താലൂക്കിൽ രാമപുരം പകുതിയിൽ കടനാട്ടുകര പാറമ്മാക്കൽവീട്ടിൽ കുരുവിള, അന്ന ദമ്പതിമാരുടെ നാലാമത്തെ സന്താനമായി 1736-ൽ തോമ ജനിച്ചു. മീനച്ചൽ ശങ്കരൻ കർത്തവിനോട് സുറിയാനിയും പഠിച്ചു. പിന്നീട് ആലങ്ങാട്ടു സെമിനാരിയിൽ ചേർന്ന് ലത്തീനും, പോർച്ചുഗീസും പഠിച്ചു. 1761-ൽ കത്തനാരായി 1768-ൽ കടനാട്ടു പള്ളിയിലെ വികാരിയായി. അക്കാലത്താണ് കരിയാട്ടി യൗസേപ്പു മല്പാൻ റോമയിൽ നിന്നും സ്വദേശത്തുമടങ്ങിയെത്തിയത്. വീണ്ടും സെമിനാരിയിൽ ജോലി തുടരവേ പാറമ്മാക്കിൽ തോമക്കത്തനാരുമായി പരിചയമായി. ആദർശശുദ്ധിയും വിശ്വാസപ്രമാണങ്ങളിലും അവർ ഒരേ പാത പിൻതുടർന്നവരായിരുന്നു. പിന്നീട് 1778 മുതൽ 1786 വരെ അവർ ഒരുമിച്ചു വിദേശ പര്യടനം നടത്തി. ആ എട്ടു വർഷക്കാലത്തെ ജീവിതം മല്പാനുമൊത്തുള്ള സഞ്ചാരത്തിന്റെയും, ക്ലേശങ്ങളുടെയും നേട്ടങ്ങളുടെയും കഥയായിരുന്നു. ആ യാത്രയുടെ കഥ തോമക്കത്തനാർ എഴുതുകയുണ്ടായി. ആ ഗ്രന്ഥ 'പാറെമ്മാക്കൽഗോവർണദോരച്ചന്റെ വർത്തമാനപ്പുസ്തകം ' (റോമ യാത്ര) എന്ന പേരിൽ അറിയപ്പെടുന്നു മാർപാപ്പയുടെ ഉത്തരവനുസരിച്ച് മെത്രാനായിതീർന്ന യൗസേപ്പ് മരിക്കുന്നതിനുമുൻപ് തോമക്കത്തനാരെ കൊടുങ്ങല്ലൂർ രൂപതയുടെ ഗവർണ്ണറാക്കി.

പോർട്ടുഗീസുകാർ 16-ാം നൂറ്റാണ്ടിൽ കേരളത്തിൽ ഒരു ഉറച്ച ശക്തിയായി. അതിന്റെ ഫലമായി ഇവിടത്തെ ക്രൈസ്തവ സമുദായത്തിന് പല പരിവർത്തനങ്ങളും ഉണ്ടായി 1599-ലെ ഉദയംപേരൂർ സൂനഹദോസിന്റെ മതവിഷയകമായ സ്വാതന്ത്ര്യം ക്രമേണ നഷ്ടപ്പെട്ടു.

പോർട്ടുഗീസ് പാതിരിമാരുടെ ഭരണത്തിൽ നിന്നും മോചനം നേടി സ്വദേശികളായ മെത്രന്മാരെ വാഴിച്ചാൽ മാത്രമേ മതവിഷയകമായ സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂ എന്ന അഭിപ്രായം ബലപ്പെട്ടു. അങ്ങനെ സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ അക്കാലത്തെ വ്യവസ്ഥിതി അനുസരിച്ച് പോർട്ടുഗൽ ഭരണകൂടത്തിന്റെയും മാർപാപ്പയുടെയും അനുവാദം ആവശ്യമായിരുന്നു. അതിലേയ്ക്ക് റോമിൽ പോയി അനുവാദം വാങ്ങാൻ കരിയാട്ടിൽ മല്പാൻ തീരുമാനിച്ചു. അങ്ങനെയാണ് യൗസേപ്പു മല്പാൻ തോമക്കത്തനാരോടൊപ്പം റോമിലേയ്ക്കു പോയത്.

1778-ലാണ് യൗസേപ്പ് മല്പാനും, തോമക്കത്തനാരും യൂറോപ്പിലേയ്ക്ക് യാത്ര പുറപ്പെട്ടത്. അതായത് സൂയസ്തോട് നിർമ്മിക്കുന്നതിനു മുൻപ്. അക്കാലത്ത് ഇന്ത്യയിൽ നിന്നും യൂറോപ്പിലേയ്ക്ക് പോവുക ദീർഘവും അപകടകരവുമായ യാത്രയായിരുന്നു എന്ന് ഊഹിക്കാൻപോലും പ്രയാസമാണ്. ആ സഞ്ചാരികൾ സ്വന്തം നാടുകളിൽ നിന്ന് കാൽനടയായി യാത്രപുറപ്പെട്ടു. തെക്ക് കുളച്ചൽവച്ച് ഒത്തുകൂടി . അന്ന് തിരുവതാംകൂറിന്റെ ഭാഗമായിരുന്നു കുളച്ചൽ. കുളച്ചൽ നിന്ന് അവർ ഒരുമിച്ച് യാത്ര തുടർന്നു. പല മാസങ്ങൾ യാത്രചെയ്ത് ചെന്നൈ പട്ടണത്തിൽ എത്തി. അവിടെനിന്ന് വളരെ പ്രയാസപ്പെട്ട് ഒരു പോർട്ടുഗീസ കച്ചവടക്കപ്പലിൽ യാത്രയ്ക്ക് അനുവാദം നേടി ഇന്ത്യൻ മഹാസമുദ്രം കടന്ന് ആഫ്രിക്കയുടെ തെക്കേ അറ്റത്ത് ഗുഡ്ഹോപ്പ് മുനമ്പ് ചുറ്റി ആയിരുന്നു യാത്ര. കപ്പൽ പോകുന്നത് ആഫ്രിക്കചുറ്റി നേരേ പോർട്ടുഗലിലേക്കായിരുന്നില്ല. അ കച്ചവടകപ്പൽ ആഫ്രിക്കചുറ്റി അറ്റ്ലാന്റിക് മഹാസമുദ്രം കടന്ന് തെക്കെ അമേരിക്കയിലുള്ള ബയ്യായിലേയ്ക്കാണ് നേരേ പോയത്. സാഹസികമായ യാത്ര കപ്പൽക്കാരോടൊപ്പം കുറച്ചുക്കാലം അവർ ബയ്യായിൽ കഴിഞ്ഞു. പിന്നീട് അറ്റലാന്റിക് മഹാസമുദ്രം കടന്ന് പോർട്ടുഗലിലേയ്ക്കുപോയി. കുറച്ചുകാലം ലിസാബത്തിൽ താമസിച്ചു. പിന്നീട് പോർട്ടുഗൽ രാജ്ഞിയെ കണ്ടു നിവേദനം നടത്തി. അതിനുശേഷം ഒരു കപ്പലിൽ റോമിലെത്തി. വളരെ പ്രയാസങ്ങൾ അനുഭവിച്ചശേഷമാണ് മാർപാപ്പയെ കാണാൻ കഴിഞ്ഞത്. പ്രതീക്ഷിച്ചഫലം ഉണ്ടായില്ല. അവർ നിരാശരായി ലിസ്ബണിലേയ്ക്കുമടങ്ങി. ലിസ്ബണിൽ താമസിക്കുമ്പോൾ 1782 ജൂലൈ 16-ാം തിയതി മല്പാനെ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രനാക്കിക്കൊണ്ടുള്ള പോപ്പിന്റെ ബൂള(Papal-Bull) ലഭിച്ചു. 1783 ഫെബ്രുവരി 17-ാം തീയതി ലിസ്ബണിൽവച്ചു തന്നെ വാഴ്ച ഏല്ക്കുകയും ചെയ്തു എങ്കിലും രണ്ടു വർഷം കൂടി ലിസ്ബണിൽ താമസിക്കേണ്ടിവന്നു. ലിസ്ബണിൽ നിന്ന് കപ്പൽമാർഗ്ഗം ബയ്യായിലെത്തി.. അവിടെ നിന്ന് ആഫ്രിക്ക ചുറ്റി ഇന്ത്യയിലെത്തി. 1786 മേയ് മാസം 1-ാം തിയതി അവർ ഇന്ത്യയിൽ തിരിച്ചെത്തി. ഉടൻത്തന്നെ നാട്ടുലേയ്ക്കു പോകാൻ കഴിഞ്ഞില്ല. കുറച്ചുകാലം ഗോവയിൽ താമസിക്കേണ്ടിവന്നു. അക്കാലത്ത് യൗസേപ്പ് മെത്രാന് ജ്വരം ബാധിച്ചു. 1786 സെപ്തബർ 9-ാം തീയതി മെത്രാൻ ഇഹലോകവാസം വെടിഞ്ഞു. മരിക്കുന്നതിനുമുൻപ് അദ്ദേഹം തോമക്കത്തനാരെ കോടുങ്ങല്ലൂർ രൂപതയുടെ ഗൊവർണ്ണദോർ(ഗവർണ്ണർ) ആക്കി നിയമിച്ചു. അതുകൊണ്ട് അവരുടെ ഈ ദീർഘമായ സാഹസികയാത്ര സഫലമായി.

## അക്രമം സമൂഹത്തിന്റെ ക്രമമായി മാറുന്നോ ?

അക്രമങ്ങൾ നമ്മുടെ കേരള സമൂഹത്തിന്റെ ക്രമം തന്നെ ആവുകയാണോ എന്ന സംശയം ഇക്കാലത്ത് പ്രത്യേകിച്ചും ശക്തമാണ്. ജനാധിപത്യമാർഗ്ഗങ്ങൾ വിട്ട് അക്രമത്തിന്റെയും കൈയ്യേറ്റത്തിന്റെയും വഴികൾ നമ്മുടെ രാഷ്ട്രീയനേതൃത്വം സ്വീകരിക്കുന്നതുപോലെ തോന്നുന്നു. ഈ ഒരു അക്രമശൈലി ശരിയായി രീതിയിൽ വിലയിരുത്തപ്പെടേണ്ടതാണ്. വിദ്യാർത്ഥി യുവജനസംഘടനകൾ സമരം നടത്തുന്നതു മനസ്സിലാക്കാം. പക്ഷേ അത് കൈയ്യേറ്റത്തിന്റെ തലത്തിലേക്കു പോകുന്നതു ശരിയല്ലല്ലോ. അസംബ്ലിയിൽ പ്രതിഷേധവും പ്രതികരണവും നടത്താം. എന്നാൽ വാച്ച് ആൻഡ് വാർഡിന്റെ മേൽ കൈയ്യേറ്റത്തിനു മുതിരുന്നത് അതിക്രമമാണല്ലോ. ജനാധിപത്യ മാർഗ്ഗങ്ങളേക്കാൾ കൈയ്യേറ്റത്തിന്റെ ശൈലി അവലംബിക്കുന്നവർ ജനാധിപത്യ വിരുദ്ധരാണെന്നതു തിരിച്ചറിയാൻ കഴിയണം.

അക്രമത്തെ ആദർശമായും പ്രത്യയശാസ്ത്രമായും കൊണ്ടുനടക്കുന്ന പ്രസ്ഥാനങ്ങളുണ്ട്. ഈ പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ രൂപമെടുക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും അക്രമശൈലിതന്നെ ആയിരിക്കും അവലംബിക്കുക. അതുകൊണ്ടുതന്നെ ജനാധിപത്യം അവർക്കു വഴങ്ങാൻ ബുദ്ധിമുട്ടുണ്ട്. 1957 ലെ കേരളത്തിലെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഭരണം അതിനു തെളിവാണ്. അന്ന് ഭരണഘടനാവിരുദ്ധമായി നമ്മുടെ സംസ്ഥാനം നിയമനിർമാണം നടത്തുകയും അതു തള്ളപ്പെടുകയും ചെയ്തതു ചരിത്രം. അതോടൊപ്പം തന്നെ സംസ്ഥാനത്തിന്റെ ഭരണം പാർട്ടി സെല്ലുകളിലേക്കും കേന്ദ്രീകരിക്കപ്പെടുകയും ചെയ്തു. (പാർട്ടിപറഞ്ഞാൽ പോലീസ് സ്റ്റേഷനുമുമ്പിലിരുന്നുബോംബുണ്ടാക്കുമെന്നു പറഞ്ഞയാൾ അഭ്യന്തരമന്ത്രി ആയിരുന്ന സംസ്ഥാനമാണുനമ്മുടേത്) അതിനെതിരേ നടന്ന ജനമുന്നേറ്റമായിരുന്നല്ലോ വിമോചനസമരം.

ജനാധിപത്യത്തിൽ ആർക്കും നിയമം കൈയ്യിലെടുക്കാൻ അവകാശമില്ല. പ്രശ്നപരിഹാരത്തിനു ജനാധിപത്യ മാർഗ്ഗങ്ങളുണ്ട്. ജനാധിപത്യ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് പകരം അക്രമത്തിനും കൈയ്യേറ്റത്തിനും മുതിരുന്നവർ ജനാധി പത്യവിരുദ്ധരും കൈക്കരുത്തിൽ ആശ്രയിക്കുന്ന കാട്ടുനീതിയുടെ വ്യക്താക്കളുമാണ് അവർ പരിഷ്കൃത സമൂഹത്തിന് അപമാനമാണ് എന്നും പറയേണ്ടിവരും.

സംസ്ഥാന അസംബ്ലിയിലും തെരുവിലും മറ്റു ഇടങ്ങളിലുമൊക്കെ നടമാടുന്ന അക്രമത്തെ ന്യായീകരിക്കുന്നവർ കാട്ടുനീതിയേയാണു ന്യായീകരിക്കുന്നത്. അവർ യഥാർത്ഥത്തിൽ ഇവിടെ ഒരു കൈയ്യേറ്റത്തിന്റെ സംസ്കാരം സൃഷ്ടിക്കുകയാണ് അക്രമത്തിന്റെ ഒരു നാഗരീകതയാക്കി കേരളസമൂഹത്തെ മാറ്റാൻ ശ്രമിക്കുകയാണ് അത് അപകടകരവുമാണ്. അക്രമത്തിന്റെ പ്രത്യയശാസ്ത്രക്കാർക്ക് ഇത് യഥാർത്ഥത്തിൽ സമൂഹത്തിന്റെ ക്രമമായിട്ടു മാത്രമായിട്ടാണു കാണാൻ കഴിയുക. എന്നാൽ ജനാധിപത്യവിശ്വാസിക്ക് ഇത് ജനാധിപത്യത്തെ തകർക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിടും. അതുകൊണ്ട് ജനാധിപത്യം സംരക്ഷിക്കാൻ ഈ നീക്കങ്ങൾക്കെതിരെ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്.

റവ. ഫാ. ഫിലിപ്പ് നെല്പുരപറമ്പിൽ

JAGRATHA News

**"Jagratha News"** - An internet news service is free and for private circulation

**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com

**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA